"ഭരണഭാഷ– മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പത്തനംതിട്ട ജില്ലയിലെ പന്തളം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിമാരായിരുന്ന ശ്രീ. കെ. ഗോപി, ശ്രീ. റോയി തോമസ്, ശ്രീ. സി.വൈ. ജോസ്, ശ്രീ. കെ.വി. രാധാകൃഷ്ണൻ നായർ, സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. പി.എൻ. അനിൽ എന്നിവർക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.866/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 17/04/2019**

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 04.01.2016-ലെ ഇ3(വി.ഇ.05/2014/പി.ടി.എ) 30137/2014 നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 09.02.2016-ലെ 198/ഡി3/2016/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 14.10.2016-ലെ 89/ഇപിബി2/2016/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീ. സി.വൈ. ജോസ് 05.01.2017-ലും, ശ്രീ. കെ.വി. രാധാകൃഷ്ണൻ നായർ, ശ്രീ. റോയി തോമസ് എന്നിവർ തീയതി രേഖപ്പെടുത്താതെയും സമർപ്പിച്ച പ്രതിവാദ പത്രികകൾ

5 പഞ്ചായത്ത് ഡയറക്ടറുടെ 24.01.2017-ലെ ഡി6-37357/2016 നമ്പർ കത്ത്

6 പഞ്ചായത്ത് ഡയറക്ടറുടെ 24.01.2018-ലെ ഡി6-37357/2016 നമ്പർ കത്തുകൾ

7 ശ്രീ. പി.എൻ. അനിൽ സമർപ്പിച്ച 10.10.2018-ലെ വിശദീകരണം

### ഉത്തരവ്

പത്തനംതിട്ട ജില്ലയിലെ പന്തളം ഗ്രാമപഞ്ചായത്തിൽ കൊയ്ത്തുമെതി യന്ത്രം വാടകയ്ക്ക് നൽകിയതിലെ ക്രമക്കേടുകളെക്കുറിച്ചുള്ള ആരോപണം സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പന്തളം ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. തുടർന്ന് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയുടെ ചുമതലയുണ്ടായിരുന്ന അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. പി. എൻ. അനിൽ കരാർ ഒപ്പുവയ്ക്കാതെയും വാടക ഈടാക്കാതെയും യന്ത്രം വാടകയ്ക്ക് കൊടുത്തതിന് ശ്രീ. പി.എൻ. അനിലിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കാനും കരാറുകാരനായ ശ്രീ. കിരണിൽ നിന്നും കരാർ അനുസരിച്ച് ഉള്ള തുകയുടെ ബാക്കി തുകയായ 1,50,000/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് അടപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്നും, ടി യന്ത്രത്തിന്റെ വാടക തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള മുൻ സെക്രട്ടറിമാരുടെ ചുമതല വഹിച്ചിരുന്ന ശ്രീ. കെ. ഗോപി, ശ്രീ. റോയി തോമസ്, ശ്രീ. സി.വൈ. ജോസ്, ശ്രീ. കെ.വി. രാധാകൃഷ്ണൻ നായർ എന്നിവർക്കെതിരെ വകുപ്പുതല ശിക്ഷാ നടപടികൾ സ്വീകരിക്കണമെന്നുമുള്ള വിജിലൻസ്

ശുപാർശകളുടെ അടിസ്ഥാനത്തിൽ ശ്രീ. പി.എൻ. അനിൽ, ശ്രീ. കെ. ഗോപി, ശ്രീ. റോയി തോമസ്, ശ്രീ. സി.വൈ. ജോസ്, ശ്രീ. കെ.വി. രാധാകൃഷ്ണൻ നായർ എന്നിവർക്ക് പരാമർശം ( 3 ) പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

കുറ്റപത്രത്തിന് ശ്രീ. റോയി തോമസ്, ശ്രീ. സി.വൈ. ജോസ്, ശ്രീ. കെ.വി. രാധാകൃഷ്ണൻ നായർ എന്നിവർ പരാമർശം (4) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്.

തുടർന്ന് പന്തളം ഗ്രാമപഞ്ചായത്തിലെ കൊയ്ത്ത്മെതി യന്ത്രം വാടക ഈടാക്കാതെ നൽകിയതുമൂലം സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം എത്രയെന്ന തിട്ടപ്പെടുത്തി വിവരം ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം ലഭ്യമാക്കിയ മറുപടിയിൽ വർഷത്തിൽ ഡിസംബർ മുതൽ മാർച്ച് വരെയാണ് പ്രദേശത്ത് കൊയ്ത്ത് നടക്കുന്ന സമയമെന്നും 2011-12 വർഷത്തെ പഞ്ചായത്തിന്റെ ആഡിറ്റ് റിപ്പോർട്ടിൽ മണിക്കൂറിൽ 2300/- രൂപ നിരക്കിൽ വാടക ലഭിക്കുന്ന സാഹചര്യമുണ്ടെന്ന് നിരീക്ഷിച്ചിട്ടുണ്ടെന്നും 2000 വർഷത്തിൽ മണിക്കൂറിന് 1200/- രൂപ നിരക്കിൽ പഞ്ചായത്ത് കർഷകർക്ക് കൊയ്ത്തുമെതിയന്ത്രം വാടകയ്ക്ക് നൽകിയതായും വിവരം ഉണ്ടെന്നും ഈ സാഹചര്യങ്ങളിൽ നിന്നുള്ള അനുമാനം മാത്രമേ കൊയ്ത്തുമെതി യന്ത്രം ദുരുപയോഗം ചെയ്യുക വഴി ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടവും കണക്കാക്കുന്നതിന് സഹായകരമായിട്ടുള്ളൂവെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രതിദിനം ശരാശരി 4 മണിക്കൂർ കൊയ്ത്തു യന്ത്രം പ്രവർത്തിക്കുന്നു എന്ന് കരുതാമെങ്കിൽ വർഷം 50 ദിവസം എന്ന കണക്കിൽ 200 മണിക്കൂർ മണിക്കൂറിന് ശരാശരി 1500/- രൂപ നിരക്കിൽ പ്രതിവർഷം 3 ലക്ഷം രൂപയുടെ വാർഷിക വരുമാനം വച്ച് 17 വർഷത്തേക്ക് കണക്കാക്കാവുന്നതാണെന്നും വാർഷിക മെയിന്റനൻസിനുള്ള തുക തട്ടി കിഴിക്കാവുന്നതുമാണെന്നും ഈ വിധമല്ലാതെ മറ്റ് വിധത്തിൽ കൊയ്ത്ത്മെതിയന്ത്രത്തിന്റെ വാടകയിനത്തിലെ നഷ്ടം കണക്കാക്കുക ശ്രമകരമായിരിക്കുമെന്നും 07.02.2012 ലെ പഞ്ചായത്ത് തീരുമാനപ്രകാരം നിശ്ചയിച്ച വാടക ഈയിനത്തിലെ നഷ്ടം കണക്കാക്കുന്നതിന് അടിസ്ഥാനമാക്കാനാവാത്തതാണെന്നും കൊയ്ത്തുമെതി യന്ത്രത്തിന് വാടക നിശ്ചയിച്ച പഞ്ചായത്ത് നടപടി ക്രമപ്രകാരമുള്ളതല്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

കുറ്റപത്രത്തിന് ശ്രീ. റോയി തോമസ്, ശ്രീ. സി.വൈ. ജോസ്, ശ്രീ. കെ.വി. രാധാകൃഷ്ണൻ നായർ എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം ( 6 ) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിന്റെ സംക്ഷിപ്തക്കുറിപ്പ് ചുവടെ ചേർക്കുന്നു.

ശ്രീ. റോയി തോമസ് 08.05.2013 മുതൽ 18.07.2013 വരെ 71 ദിവസവും, ശ്രീ. സി.വൈ. ജോസ് 18.07.2013 മുതൽ 19.12.2013 വരെ 154 ദിവസവും, ശ്രീ. കെ.വി. രാധാകൃഷ്ണൻ നായർ 19.12.2013 മുതൽ 08.01.2014 വരെ 21 ദിവസവും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചുമതല വഹിച്ചിട്ടുണ്ട്. പന്തളം മുനിസിപ്പാലിറ്റിയിൽ 25.09.2017-ൽ പരിശോധന നടത്തുകയുണ്ടായി. പന്തളം മുനിസിപ്പാലിറ്റിയിൽ അന്വേഷണത്തിന് സഹായകരമായ വിധം ഫയൽ ലഭ്യമല്ല. ലഭ്യമായ രേഖകളും 2011-12 ലെ ഓഡിറ്റ് റിപ്പോർട്ടും പരിശോധിച്ചു.

പന്തളം ഗ്രാമപഞ്ചായത്ത് 1999-00 വർഷത്തിൽ 14 ലക്ഷം രൂപ ചെലവഴിച്ച് കൊയ്ത്തുമെതി യന്ത്രം

വാങ്ങിക്കുകയുണ്ടായി. കൃഷി ഓഫീസറായിരുന്നു നിർവ്വഹണ ഉദ്യോഗസ്ഥൻ. ഗ്രാമപഞ്ചായത്ത് കൊയ്ത്തുമെതിയന്ത്രം കൈയ്യോടെ ഏറ്റെടുത്തതായാണ് അറിയാൻ കഴിഞ്ഞത്. മണിക്കൂറിന് 1200/- രൂപ നിരക്കിൽ ഇക്കാലത്ത് ഇത് കർഷകർക്ക് വാടകയ്ക്ക് നൽകി എന്നും അറിയുന്നു. ഓഡിറ്റ് കാലയളവിൽ 2300/- രൂപ നിരക്കുണ്ടെന്ന് ഓഡിറ്റർ നിരീക്ഷിച്ചിട്ടുണ്ട്. ഡിസംബർ മുതൽ മാർച്ച് വരെയുള്ള മാസങ്ങളാണ് കൊയ്ത്തു സീസൺ എന്നും മനസ്സിലാക്കുന്നു. കൊയ്ത്തുമെതി യന്ത്രം സംബന്ധിച്ച് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഉണ്ടെങ്കിലും യന്ത്രം എവിടെയാണെന്ന് പഞ്ചായത്തിന് അറിയാത്ത സ്ഥിതി ഉണ്ടായിട്ടുണ്ട്. ലോഗ് ബുക്ക് സൂക്ഷിച്ചിട്ടില്ല. 2000 മുതൽ നാളിതു വരെ കാലയളവിലായി 25 സെക്രട്ടറിമാർ ഗ്രാമപഞ്ചായത്തിൽ ചുമതല നോക്കിയിട്ടുണ്ട്. കൊയ്ത്തുമെതി യന്ത്രം സംബന്ധിച്ച റിക്കോർഡുകൾ ഒന്നും ചുമതല കൈമാറ്റത്തിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും വിശ്വസിക്കാൻ ന്യായമുള്ളതാണ്. 5 വർഷം കൊണ്ട് മുടക്ക് മുതൽ തിരിച്ചുകിട്ടുമെന്ന് കരുതാവുന്ന ഒരു ആസ്തി കർഷകരുടെ ആവശ്യത്തിന് ഉപയോഗിച്ച് വരുമാനം ലഭ്യമാക്കുന്നതിനോ പ്രസ്തുത യന്ത്രം എവിടെയാണെന്ന് പോലും അറിയാത്ത സ്ഥിതി ഉണ്ടായെങ്കിലോ ആയതിന് ഗ്രാമപഞ്ചായത്ത് ഭരണ സമിതിക്കും നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർക്കും പഞ്ചായത്ത് സെക്രട്ടറിമാർക്കും തുല്യ ഉത്തരവാദിത്വമുണ്ട്. ഗ്രാമപഞ്ചായത്തിലെ കാർഷിക ആവശ്യത്തിനായി വാങ്ങിച്ച കൊയ്ത്തുമെതി യന്ത്രം സംബന്ധിച്ച് അതാതു കാലത്തെ കൃഷി ഓഫീസർമാർക്ക് ഇടപെടാനാവാതെ വന്നതിൽ വീഴ്ചയുണ്ട്. ആസ്തിയുടെ ഉപയോഗം ഉറപ്പ് വരുത്തുന്നതിന് കൃഷി ഓഫീസർ ജാഗ്രത കാട്ടേണ്ടിയിരുന്നു.

നഗരസ്വഭാവമുള്ള പഞ്ചായത്തായിരുന്നു പന്തളം. ദൈനംദിന കാര്യങ്ങൾ നടത്തിക്കൊണ്ടു പോവുക തന്നെ പ്രയാസകരമായിരിക്കും എന്നത് വസ്തുതയാണ്. 2000 മുതൽ അന്യാധീനപ്പെട്ടു കിടക്കുന്ന ആസ്തി സംബന്ധിച്ച് ചുരുങ്ങിയ ദിവസത്തിനുള്ളിൽ ശ്രദ്ധയിൽ വരില്ല എന്നത് സ്വീകാര്യമായ ഒരു ന്യായമാണ്. കൊയ്ത്തുമെതി യന്ത്രം വാടകയ്ക്ക് നൽകാനുള്ള ഗ്രാമപഞ്ചായത്തിന്റെ 07.02.2012 ലെ III/7 -ാം നമ്പർതീരുമാന സമയത്ത് ശ്രീ. പി.എൻ. അനിൽ ആയിരുന്നു 12.03.2012 വരെ സെക്രട്ടറിയുടെ അധികചുമതല വഹിച്ചിരുന്നത്. ഗ്രാമപഞ്ചായത്തിന്റെ തീരുമാനം നിയമാനുസൃതമല്ല . വാടക എത്രയെന്നോ അതെങ്ങനെ നിശ്ചയിക്കാമെന്നോ തീരുമാനത്തിൽ വ്യക്തമല്ല. വാടകയ്ക്ക് ഏറ്റെടുക്കാമെന്ന് പറഞ്ഞ ശ്രീ. കിരൺ വി, കലാഭവനം, കുടശ്ശനാട് എന്നയാളെ എങ്ങനെ നിശ്ചയിച്ചു എന്നും പഞ്ചായത്ത് തീരുമാനത്തിൽ വ്യക്തമല്ല. വ്യക്തമായ കരാർ ചമക്കുന്നതിന് കമ്മിറ്റി തീരുമാനമെടുത്തെങ്കിലും കരാർ വ്യവസ്ഥകൾ വ്യക്തമാക്കുന്ന വിശദമായ കരാർ ചമച്ചില്ല എന്ന് കാണുന്നു. പരിശോധനയിൽ കാണാൻ കഴിഞ്ഞ കരാർ പത്രം യഥാവിധിയുള്ളതല്ല. പഞ്ചായത്തിന്റെ കൊയ്ത്തുമെതിയന്ത്രം വാർഷിക വാടകയ്ക്ക് നൽകുക എന്നത് ക്രമവിരുദ്ധവുമാണ്. ഗ്രാമപഞ്ചായത്ത് ഭരണസമിതികൾ, പഞ്ചായത്തിലെ ഉദ്യോഗസ്ഥ ശൃംഖല, കൃഷി ഓഫീസർമാർ, പരിശോധന വിഭാഗങ്ങൾ എന്നിങ്ങനെ എല്ലാതലത്തിലും വീഴ്ച കാണാമെങ്കിലും പഞ്ചായത്ത് ഭരണസമിതി, ജീവനക്കാർ, കൃഷി ഓഫീസർമാർ എന്നിവരുടെ ഭാഗത്തുള്ള ഗുരുതരമായ അലംഭാവമായി ഈ വിഷയത്തെ ചുരുക്കി പറയാം .

കൊയ്ത്തുമെതി യന്ത്രം റിപ്പയർ ചെയ്ത് വാടകയ്ക്ക് നൽകാൻ 07.02.2012-ൽ തീരുമാനമെടുത്ത ഭരണസമിതി 21.05.2014-ലെ III/6-ാം നമ്പർ തീരുമാനപ്രകാരം ഉപയോഗയോഗ്യമല്ലാത്ത കൊയ്ത്തുമെതിയന്ത്രം ഉപേക്ഷിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. 07.02.2012 ലെ തീരുമാനസമയത്ത് ആസ്തിയുടെ അവസ്ഥ ഇതു തന്നെയായിരുന്നു എന്നാണ് കരുതേണ്ടത്. വേണ്ടത്ര അവധാനതയോടല്ല പഞ്ചായത്ത് തീരുമാനങ്ങൾ.

പന്തളം ഗ്രാമപഞ്ചായത്തിന്റെ 2010-11, 2011-12 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 33-ൽ പ്രസ്തുത വിഷയത്തെപ്പറ്റി പരാമർശം ഉണ്ടെങ്കിലും ഉത്തരവാദികളായ ജീവനക്കാർ ശ്രീ. റോയി തോമസ്, ശ്രീ. സി.വൈ. ജോസ്, ശ്രീ. കെ.വി. രാധാകൃഷ്ണൻ നായർ എന്നിവരാണെന്ന് പരാമർശിച്ചിട്ടില്ലെന്നും ഈ വിഷയത്തെ പറ്റി വകുപ്പ് തല അന്വേഷണം നടത്തിയിട്ടുള്ളതായി കാണുവാൻ സാധിച്ചിട്ടില്ലെന്നും 2012-13, 2013-14 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിൽ നിർവ്വഹണ അധികാരികളായി ഈ ജീവനക്കാരുടെ പേരുകൾ പരാമർശിച്ചിട്ടുണ്ടെന്നും 2012-13, 2013-14 വർഷത്തെ

ആഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 347 ൽ കൊയ്ത്ത്മെതിയന്ത്രം നിഷ്ക്രിയാസ്തിയിൽ ഉൾപ്പെടുത്തി പരാമർശിച്ചിട്ടുണ്ടെന്നും യന്ത്രം ഇപ്പോൾ പ്രവർത്തനരഹിതമായി പഞ്ചായത്ത് വളപ്പിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ഇത് അറ്റകുറ്റപ്പണി നടത്തി പ്രവർത്തന ക്ഷമമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും എന്നാൽ വിഷയത്തെപ്പറ്റി വകുപ്പ് തല അന്വേഷണം 2012-13, 2013-14 ആഡിറ്റ് റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടില്ലെന്നും മേൽ സാഹചര്യത്തിൽ കുറ്റാരോപിതരായ ശ്രീ. റോയി തോമസ്, ശ്രീ. സി.വൈ. ജോസ്, ശ്രീ. കെ.വി. രാധാകൃഷ്ണൻ നായർ എന്നിവരുടെ ഭാഗത്തുനിന്നും ബോധപൂർവ്വമായ വീഴ്ച ഉള്ളതായി നിരീക്ഷിക്കാനാവില്ലായെന്നും ഇവർ നൽകിയ മറുപടി സ്വീകാര്യമായി കാണുന്നുവെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തുടർന്ന് കൊയ്ത്തുമെതി യന്ത്രം വാങ്ങിയതു സംബന്ധിച്ച് സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. പി.എൻ. അനിലിൽ നിന്നും വിശദീകരണം ആരാഞ്ഞതിന്റെ അടിസ്ഥാനത്തിൽ പരാമർശം (7) പ്രകാരം സമർപ്പിച്ച വിശദീകരണത്തിൽ പന്തളം ഗ്രാമപഞ്ചായത്തിലെ പ്രവർത്തന രഹിതമായിരുന്ന കൊയ്ത്ത് യന്ത്രം വാടകയ്ക്ക് നൽകുന്നതിന് 07.02.2012-ൽ പഞ്ചായത്ത് തീരുമാനമെടുക്കുന്നതിനു മുമ്പ് തന്നെ ശ്രീ. കിരൺ, കലാഭവനം എന്നയാൾ യന്ത്രം സ്വന്തം ചെലവിൽ റിപ്പയർ ചെയ്ത് വാടകയ്ക്ക് എടുക്കുന്നതിനുള്ള സന്നദ്ധത അറിയിച്ചുകൊണ്ട് പഞ്ചായത്ത് പ്രസിഡന്റിന് അപേക്ഷ സമർപ്പിക്കുകയുണ്ടായിയെന്നും. അപേക്ഷയിൽ പ്രസ്തുത യന്ത്രം പ്രതിവർഷം ഒരു ലക്ഷം രൂപ നിരക്കിൽ രണ്ടു വർഷത്തേയ്ക്ക് വാടകയ്ക്ക് എടുക്കുവാൻ തയ്യാറാണെന്നു പറഞ്ഞിരുന്നുവെന്നും പ്രസ്തുത അപേക്ഷയാണ് 07.02.2012-ലെ പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരത്തിനായി സമർപ്പിച്ചതെന്നും നിലവിൽ പ്രവർത്തന രഹിതമായിരുന്ന കൊയ്ത്ത് യന്ത്രം പ്രതിവർഷം ഒരു ലക്ഷം രൂപ വാടകയ്ക്ക് ഏറ്റെടുക്കുവാൻ ആരുംതന്നെ തയ്യാറാവുകയില്ല എന്ന് പഞ്ചായത്തിന് ബോധ്യപ്പെട്ടതിനാൽ അപേക്ഷയിൽ പറഞ്ഞിരുന്ന വ്യവസ്ഥകൾ പ്രകാരം അപേക്ഷകന് യന്ത്രം വാടകയ്ക്ക് നൽകുവാൻ പഞ്ചായത്ത് തീരുമാനിക്കുകയായിരുന്നുവെന്നും 07.02.2012- ലെ 3(7)-ാം നമ്പർ തീരുമാനപ്രകാരം പ്രസ്തുത അപേക്ഷയിൽ പറഞ്ഞവിധത്തിൽ കൊയ്ത്ത് യന്ത്രം വാടകയ്ക്ക് നൽകാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും ആയതിനാലാണ് വാടക തുക തീരുമാനത്തിൽ ഉൾപ്പെടുത്താതിരുന്നതെന്നും തുടർന്ന് 07.02.2012-ൽ പഞ്ചായത്ത് അംഗീകരിച്ച പ്രസ്തുത അപേക്ഷയിലെ അതേ വ്യവസ്ഥകൾ പ്രകാരമാണ് 10.02.2012-ൽ സെക്രട്ടറിയുടെ പേരിൽ ശ്രീ. കിരൺ എന്നയാളുമായി കരാർ വച്ചിട്ടുള്ളതെന്നും ബോധിപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പന്തളം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിമാരായിരുന്ന, ശ്രീ. കെ. ഗോപി, ശ്രീ. റോയി തോമസ്, ശ്രീ. സി.വൈ. ജോസ്, ശ്രീ. കെ.വി. രാധാകൃഷ്ണൻ നായർ, സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. പി.എൻ. അനിൽ എന്നിവർക്കെതിരെയാണ് കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി സ്വീകരിക്കുന്നതിനു തീരുമാനിച്ചത്. അതിൽ ശ്രീ. കെ. ഗോപി സേവനത്തിൽ നിന്നും വിരമിച്ചതിനാൽ കുറ്റാരോപണ പത്രിക നൽകിയില്ലായെന്നു റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീ. കെ. ഗോപി പന്തളം ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിട്ടില്ലാത്തതിനാലും 31.05.2016 ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാലും നടപടികളിൽ നിന്നും ഒഴിവാക്കാമെന്നു കാണുന്നു. കുറ്റാരോപണ മെമ്മോ നൽകിയവരിൽ ശ്രീ. റോയി തോമസ് 08.05.2013 മുതൽ 18.07.2013 വരെ 71 ദിവസവും, ശ്രീ . സി വൈ ജോസ് 18.07.2013 മുതൽ 19.12.2013 വരെ 154 ദിവസവും, ശ്രീ. കെ വി രാധാകൃഷ്ണൻ നായർ 19.12.2013 മുതൽ 08.01.2014 വരെ 21 ദിവസവും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചുമതല വഹിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എഗ്രിമെന്റ് വക്കാതെയും വാടക തുക പരാമർശിക്കാതെയും ഈടാക്കാതെയും യന്ത്രം വാടകയ്ക്കു നല്കിയെന്നതാണ് സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന ശ്രീ. പി.എൻ. അനിലിനെതിരായ ആരോപണം. യന്ത്രം വാടകയ്ക്ക് കൊടുത്തതിനു ശേഷം വാടക പിരിച്ചെടുത്തില്ലയെന്നതാണ് ശ്രീ. റോയി തോമസ്, ശ്രീ. സി.വൈ. ജോസ്, ശ്രീ. കെ.വി. രാധാകൃഷ്ണൻ

നായർ എന്നിവർക്കെതിരെയുള്ള പ്രധാന ആരോപണം. പഞ്ചായത്ത് തീരുമാനപ്രകാരം 2012-ൽ വാടകയ്ക്ക് നൽകിയ യന്ത്രത്തിന്റെ വാടക പിരിച്ചെടുക്കുന്നതിൽ വീഴ്ചവരുത്തിയെന്ന ആരോപണത്തിന് തൃപ്തികരവും വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ സാഹചര്യത്തിൽ ശ്രീ. കെ. ഗോപി പന്തളം ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിട്ടില്ലാത്തതിനാലും 31.05.2016 ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാലും തുടർനടപടികളിൽ നിന്നും ഒഴിവാക്കിയും, പന്തളം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിമാരായിരുന്ന, ശ്രീ. റോയി തോമസ്, ശ്രീ. സി.വൈ. ജോസ്, ശ്രീ. കെ.വി. രാധാകൃഷ്ണൻ നായർ, സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. പി.എൻ. അനിൽ എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി 'സെൻഷർ'എന്ന ലഘു ശിക്ഷ നല്കി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

കരാറുകാരനായ ശ്രീ. കിരണിൽ നിന്നും കരാർ അനുസരിച്ചുള്ള തുകയുടെ ബാക്കി തുകയായ ₹ 1,50,000/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് ഈടാക്കുന്നതിന് നിർദ്ദേശം നല്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ്.മോഹന്ദാസ്
അഡീഷണല് സെക്രട്ടറി

പകർപ്പ്

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, പന്തളം ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചയത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് (ഡി) വകുപ്പ് (യു.ഒ. റിമാർക്സ് നം.ഡി3/89/2019/വിജി. തീയതി 13.03.2019 പ്രകാരം)
8. തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ് (കരാറുകാരനായ ശ്രീ. കിരണിൽ നിന്നും കരാർ അനുസരിച്ചുള്ള തുകയുടെ ബാക്കി തുകയായ ₹ 1,50,000/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് ഈടാക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനായി)
9. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
10. [illegible]

10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി2/89/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ